# ബഹറിൻ കേരളീയ സമാജത്തിന്റെ മറ്റൊരു പുണ്യദാനം കൂടി സാക്ഷാത്കരിക്കപ്പെട്ടു

November 6, 2018



ബഹറിൻ : പി. വി. രാധാകൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള ബഹറിൻ കേരളീയ സമാജത്തിന്റെ തുടർച്ചയായ ഈ രണ്ടാം വർഷത്തിലെ സാരഥ്യത്തിൽ നടത്തിയ ഏറ്റവും പുണ്യകരമായ ഒരു കർമ്മത്തിനാണ് ഇന്ന് പത്തനംതിട്ട നിയോജകമണ്ഡലത്തിലുള്ള വെട്ടിക്കവല ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ സാക്ഷ്യം വഹിച്ചത്.അച്ഛനും അമ്മയും കുരുന്നിലെ നഷ്ടപ്പെട്ട്, 80 വയസ്സുള്ള മുത്തശ്ശിയുടെ കൂടെ കഴിഞ്ഞിരുന്ന രണ്ടു ബാലന്മാരെയാണ് സമാജത്തിന്റെയും അതിന്റെ അഭ്യുദയകാംഷികളുടെയും അകമഴിഞ്ഞ കരുണാവാത്സല്യങ്ങൾ തേടിയെത്തിയത്.

പത്തനാപുരം എം എൽ എ ശ്രീ. കെ.ബി ഗണേഷ്കുമാറും, ശ്രീ. പി.വി. രാധാകൃഷ്ണപിള്ളയും ചേർന്നാണ് ഈക്കഴിഞ്ഞ ഫെബ്രുവരിയിൽ ഭവനത്തിന്റെ ശിലാകാർമ്മം നടത്തിയത്. അതിന്റെ താക്കോൽ ദാനകർമ്മവും ഒരുമിച്ചുതന്നെ ചെയ്യാനായത് ദൈവാനുഗ്രഹമെന്നാണ് ശ്രീ. പി.വി രാധാക്കൃഷ്ണപിള്ള അഭിപ്രായപ്പെട്ടത്. പത്മശ്രീ ശ്രീ. ജി.ശങ്കറിന്റെ നേതൃത്വത്തിലുള്ള ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ ആത്മാർത്ഥമായ ശ്രമം എൻജിനീയറായ ശ്രീ. നവീൻ യാഥാർഥ്യമാക്കുകയായിരുന്നു. അഞ്ചുലക്ഷം രൂപാ ചിലവിൽ 480 ചതുരശ്ര അടിയിലാണ് ഈ വീട് നിർമ്മിച്ചിരിക്കുന്നത്. കഴിഞ്ഞുപോയ പ്രതികൂലമായ പ്രളയാന്തരീക്ഷത്തിലും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങളും മറ്റു

പ്രവർത്തനങ്ങളും ശ്രദ്ധിക്കാൻ സമാജം മുൻകൈ എടുത്തിരുന്നു. പ്രസ്തുത ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും, നാട്ടുകാരുടെയും സാന്നിധ്യത്തിൽ ശ്രീ. ഗണേഷ്കുമാർ എം എൽ എ യും ശ്രീ. പി.വി. രാധാകൃഷ്ണപിള്ളയും ചേർന്നു താക്കോൽ ദാന കർമ്മം നിർവ്വഹിച്ചു.

റിപ്പോർട്ട് : ജോമോൻ കുരിശിങ്കൽ